# മഹാത്മാ ഗാന്ധി സർവ്വകലാശാല
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512


**വാർത്താക്കുറിപ്പ്**

**2023 മാർച്ച് 26**

---

## യു.എസ് ന്യൂസ് റാങ്കിംഗ്; പോളിമെർ സയൻസിൽ എം.ജി. സർവകലശാല രാജ്യത്ത് ഒന്നാമത്

പ്രമുഖ അമേരിക്കൻ മാധ്യമ സ്ഥാപനമായ യു.എസ് ന്യൂസിൻറെ 2022 -23ലെ റാങ്കിംഗിൽ പോളിമെർ സയൻസിൽ ഉന്നത പഠനത്തിനുള്ള ഇന്ത്യയിലെ ഏറ്റവും മികച്ച സർവകലാശാലകളുടെ പട്ടികയിൽ മഹാത്മാ ഗാന്ധി സർവകലാശാല ഒന്നാം സ്ഥാനത്ത്. ഖരഗ്പൂർ ഐ.ഐ.ടി, അലിഗഡ് മുസ്ലിം സർവകലാശാല, ഡൽഹി ഐ.ഐ.ടി, ചെന്നൈ അണ്ണാ സർവകലാശാല എന്നിവയാണ് യഥാക്രമം രണ്ടുമുതൽ അഞ്ചുവരെ സ്ഥാനങ്ങളിൽ.

53.1 ആണ് പോളിമെർ സയൻസ് റാങ്കിംഗിൽ എം.ജി. സർവകലാശാലയുടെ സബ്ജക്ട് സ്കോർ. രണ്ടാം സ്ഥാനത്തുള്ള ഖരഗ്പൂർ ഐ.ഐ.ടിയുടെ സബ്ജക്ട് സ്കോർ 45.3 ആണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ രാജ്യാന്തര തലത്തിലുള്ള സാധ്യതകളെക്കുറിച്ച് വിദ്യാർഥികൾക്ക് അറിവു നൽകുന്നതിനായാണ് യു.എസ് ന്യൂസ് ആഗോളതലത്തിലും മേഖലാ തലത്തിലുമുള്ള റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നത്. 95 രാജ്യങ്ങളിലെ 2000 സർവകലാശാലകളെയാണ് ഇക്കുറി പരിഗണിച്ചത്.

ഗവേഷണ പ്ലാറ്റ്ഫോമായ വെബ് ഓഫ് സയൻസിൽനിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിസർച്ച് അനലിറ്റിക്സ് മേഖലയിലെ പ്രശസ്തമായ ബ്രിട്ടീഷ് -അമേരിക്കൻ സ്ഥാപനം ക്ലാരിവേറ്റ് അനലിറ്റിക്സാണ് യു.എസ് ന്യൂസിനുവേണ്ടി റാങ്കിംഗ് തയ്യാറാക്കിയത്. സയൻസ്, സോഷ്യൽ സയൻസ്, ആർട്സ്, ഹ്യുമാനിറ്റീസ് മേഖലകളിലെ ഏറ്റവും മികച്ചതും ആധികാരികവുമായ 22000ഓളം ജേണലുകൾ വെബ് ഓഫ് സയൻസ് ഇതിനായി സമാഹരിച്ചു.

ആഗോളതലത്തിൽ ഏറ്റവും മികച്ച പോളിമെർ ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഉൾപ്പെട്ട വൈസ് ചാൻസലർ പ്രഫ. സാബു തോമസിൻറെ നേതൃത്വത്തിൽ അക്കാദമിക, ഗവേഷണ മേഖലകളിൽ നടത്തിയ മുന്നേറ്റമാണ് എം.ജി. സർവകലാശാലയെ ശ്രദ്ധേയമായ റാങ്കിംഗിലേക്ക് നയിച്ചത്. പോളിമെർ സയൻസിൽ 84527 സൈറ്റേഷനുകളും 1200 പബ്ലിക്കേഷനകളുമുള്ള പ്രഫ. സാബു തോമസിൻറെ എച്ച് ഇൻഡക്സ് 132 ആണ്.

(പി.ആർ.ഒ/39/349/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**